7401
12/12/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ശ്രീ.കെ.സി.പ്രസാദ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച റിവ്യൂ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.393/2018/വനം** തിരുവനന്തപുരം, തീയതി, 01/09/2018

---

പരാമർശം:- (1) 31.08.2005-ലെ ഭരണ വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-17848/04 നമ്പർ നടപടി ഉത്തരവ്.

(2) 19.03.2015-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-9092/15 നമ്പർ കത്ത്.

(3) 24.04.2015 തീയതിയായി ശ്രീ.കെ.സി.പ്രസാദ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.) സമർപ്പിച്ച റിവ്യൂ ഹർജി

**<u>ഉത്തരവ്</u>**

സൈലന്റ് വാലി നാഷണൽ പാർക്ക് ഡിവിഷനിൽ റിസർവ്വ് വാച്ചറായി ജോലി നോക്കി വരവേ 02.10.1991 ന വെള്ളത്തിൽ മുങ്ങി മരിച്ച കുറുമ്പൻ എന്നയാളുടെ ഭാര്യ ശ്രീമതി.മല്ലിക നഷ്ടപരിഹാരം ലഭിക്കുന്നതിനായി തൃശ്ശൂർ വർക്ക്മെൻസ് കോമ്പൻസേഷൻ കോടതിയിൽ ഫയൽ ചെയ്ത WCC-124/95 നമ്പർ കേസിൽ 28.01.2000-ന് കോടതി വിധിന്യായം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിന്യായം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ട് അന്നത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.സി.പ്രസാദിനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (1) പ്രകാരം തീർപ്പാക്കുകയും ചെയ്തു.

2) പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.കെ.സി.പ്രസാദ് 23.02.2015 തീയതിയായി സമർപ്പിച്ച അപ്പീൽ അച്ചടക്ക നടപടി തീർപ്പാക്കി 10 വർഷം കഴിഞ്ഞ് വ്യക്തമായ കാരണമില്ലാതെ സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത അപ്പീൽ സർക്കാരിലേയ്ക്ക് സമർപ്പിക്കാനാകില്ലായെന്നും അപ്പീൽ അധികാരിയ്ക്ക് അപ്പീൽ സമർപ്പിക്കുന്നതിനും ടിയാനെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി.

3) തുടർന്ന് ശ്രീ.കെ.സി.പ്രസാദ് പരാമർശം (3) പ്രകാരം സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചു. ടിയാന് ലഭിച്ച ശിക്ഷ കാരണം ടിയാനെ ഐ.എഫ്.എസ്-ന് പരിഗണിക്കുകയില്ലായെന്നും അതിനാൽ റിവ്യൂ ഹർജി പരിഗണിച്ച് ഉത്തരവാകുന്നതിന് അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ടി റിവ്യൂ ഹർജി വിശദമായി പരിശോധിച്ചു. ശ്രീ.കെ.സി.പ്രസാദിനെതിരെയുള്ള അച്ചടക്ക നടപടി 31.08.2005-ൽ തീർപ്പാക്കിയിട്ടുള്ളതും ടിയാൻ പ്രസ്തുത ഉത്തരവ് 27.09.2005 തീയതിയായി

കൈപ്പറ്റിയിട്ടുള്ളതുമാണ്. യഥാസമയം അപ്പീൽ സമർപ്പിക്കാതെ പ്രസ്തുത ശിക്ഷ ലഭിച്ചത് കാരണം ഐ.എഫ്.എസ്-ന് പരിഗണിക്കുകയില്ലായെന്നതിനാലാണ് ടിയാൻ 10 വർഷങ്ങൾ കഴിഞ്ഞ് സർക്കാരിൽ റിവ്യൂ സമർപ്പിച്ചിട്ടുള്ളത്. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 15 പ്രകാരം ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടിയിൽ ഔപചാരികാന്വേഷണം ഉൾപ്പെടെ എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട്. ഔപചാരികാന്വേഷണത്തിൽ ടിയാനെതിരായ ചാർജ്ജുകൾ തെളിയുകയും ചെയ്തിട്ടുണ്ട്. ടിയാൻ നിമിത്തം സർക്കാരിന് 72,415/- രൂപയുടെ നഷ്ടം സംഭവിച്ചുവെങ്കിലും ദയാപരമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത്. കൂടാതെ 1960 ലെ കേരള സിവിൽ സർവ്വീസസ് റൂൾസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം VII ചട്ടം 35 പ്രകാരം റിവ്യൂ ഹർജി 2 മാസ കാലാവധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

5) ഈ സാഹചര്യത്തിൽ ശ്രീ.കെ.സി.പ്രസാദ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട. ) സമർപ്പിച്ച റിവ്യൂ ഹർജിയിൽ പരിഗണിക്കേണ്ട യാതൊരു വസ്തുതകളും നിലനിൽക്കാത്തതിനാൽ പ്രസ്തുത ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.സി.പ്രസാദ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid

Digitally signed by BIJU K
Date: 2018.09.01 14:47:48 IST
Reason: Approved